**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 436** **05-12-2022 - ൽ മറുപടിയ്ക്ക്**

**ലഹരി ഉപയോഗം തടയുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വി. ആർ. സുനിൽകുമാർ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥനത്ത് വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം തടയുന്നതിന് സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (എ) | സംസ്ഥാനത്ത് വർദ്ധിച്ച് വരുന്ന ലഹരി ഉപയോഗം തടയുന്നതിന് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ജില്ലാ തല കൺട്രോൾറൂം, സ്ട്രൈക്കിംഗ് ഫോഴ്സ് യൂണിറ്റുകൾ, ഹൈവേ പട്രോളിംഗ് യൂണിറ്റുകൾ എന്നിവ പ്രവർത്തിച്ചുവരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അവയുടെ പരിസര പ്രദേശങ്ങളിലെ കടകൾ, വിദ്യാർത്ഥികൾ കൂട്ടം കൂടി നിൽക്കുന്ന സ്ഥലങ്ങൾ തുടങ്ങിയ ഭാഗങ്ങളിൽ നിരീക്ഷണങ്ങളും പരിശോധനകളും നിരന്തരം നടത്തി വരുന്നുണ്ട്. ട്രെയിനുകളിലും റെയിൽവെ സ്റ്റേഷനുകളിലും റെയിൽവെ പോലീസുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വരുന്നു. മുൻ എൻ.ഡി.പി.എസ്. കേസുകളിലെ പ്രതികളുടെ ലിസ്റ്റ് തയ്യാറാക്കി അവരെ സ്ഥിരമായി നിരീക്ഷിച്ച് മയക്കുമരുന്നു മാഫിയക്കെതിരെ ശക്തമായ പ്രവർത്തനങ്ങൾ നടത്തി വരുന്നു. രജിസ്റ്റർ ചെയ്യുന്ന എല്ലാ എൻ.ഡി.പി.എസ്. കേസുകളിലും തൊണ്ടി മുതലുകളുടെ സ്രോതസിനെ സംബന്ധിച്ചും സാമ്പത്തിക സ്രോതസിനെ സംബന്ധിച്ചും കാര്യക്ഷമമായ അന്വേഷണം നടത്തി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.<br><br>മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി 2022 ഒക്ടോബർ 2 മുതൽ നവംബർ 1 വരെ സമൂഹത്തിലെ വിവിധ തലങ്ങളിലുള്ളവരെ ഏകോപിപ്പിച്ച് ലഹരി വിരുദ്ധ പ്രചാരണ പരിപാടികൾ നടത്തിയിരുന്നു. സംസ്ഥാനത്ത് സ്കൂൾ/കോളേജ് തലങ്ങളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി എസ്.സി.ഇ.ആർ.റ്റിയും, എക്സൈസ് വകുപ്പും, വിമുക്തി മിഷനും സംയുക്തമായി ബോധവൽക്കരണ മൊഡ്യൂൾ തയ്യാറാക്കി |

ബോധവൽക്കരണ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിന് പരിശീലനം നൽകി.

ജനപ്രതിനിധികൾ അദ്ധ്യക്ഷൻമാരായി സാമൂഹ്യ-സാമുദായിക സംഘടനാ പ്രതിനിധികൾ, രാഷ്ട്രീയ കക്ഷി പ്രതിനിധികൾ, റസിഡന്റ്സ് അസോസിയേഷൻ പ്രതിനിധികൾ തുടങ്ങിയ വിവിധ വിഭാഗങ്ങളെ ഉൾപ്പെടുത്തി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും, അവയുടെ വാർഡുകളിലും ലഹരിവിരുദ്ധ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചു. കൂടാതെ സ്കൂളുകളിലും ലഹരിവിരുദ്ധ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചു.

ലഹരിവിരുദ്ധ പ്രചരണ പരിപാടിയുടെ ഭാഗമായി ലഹരി വിരുദ്ധ സന്ദേശങ്ങൾ ഉൾപ്പെടുത്തിയ ഘോഷയാത്രകൾ, ബോധവൽക്കരണ റാലികൾ, ലഹരി വിരുദ്ധ നാടകം, ഓട്ടൻതുള്ളൽ, മനുഷ്യശൃംഖല, ഫ്ലാഷ് മോബ്, തെരുവുനാടകം, കൂട്ടയോട്ടം, വാഹന പ്രചാരണ ജാഥകൾ, ലഹരി വിരുദ്ധസന്ദേശങ്ങൾ ഉയർത്തിക്കൊണ്ട് ബൈക്ക് റാലികൾ, കാൽനട ജാഥകൾ, ഗോത്രവർഗ ഊരുകളിൽ "ലഹരിക്കെതിരെ ഫുട്ബോൾ ലഹരി" എന്ന ആശയവുമായി ഫുട്ബോൾ മത്സരങ്ങൾ, ലഹരി വിരുദ്ധസന്ദേശങ്ങൾ അടങ്ങിയ സിനിമ പ്രദർശനം എന്നിവയും ചിത്രരചന മത്സരം, ക്വിസ് മത്സരം, സൗഹൃദ ഫുട്ബോൾ മത്സരം, സംവാദ മത്സരം എന്നിങ്ങനെ വിവിധ മത്സരങ്ങളും സംസ്ഥാന വ്യാപകമായി നടത്തപ്പെടുകയുണ്ടായി. ലഹരിക്കെതിരെയുള്ള പ്രചാരണ പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ഒക്ടോബർ 22 നും സംസ്ഥാനത്തൊട്ടാകെ ഗ്രന്ഥശാലകളിലും, വീടുകളിലും, വ്യാപാര സ്ഥാപനങ്ങളിലും ഒക്ടോബർ 24, 25 തീയതികളിലും ലഹരി വിരുദ്ധ ദീപം തെളിയിച്ചു.

ഒന്നാം ഘട്ട പ്രചാരണ പ്രവർത്തനങ്ങളുടെ സമാപനത്തോടനുബന്ധിച്ച് വിളംബര ജാഥകളും റാലികളും സംഘടിപ്പിച്ചു. ഒന്നാം ഘട്ട പ്രചരണ പരിപാടി 2022 നവംബർ 1 ന് സംസ്ഥാനത്തൊട്ടാകെ വിദ്യാലയങ്ങൾക്ക് ചുറ്റിലും, പ്രധാന സ്ഥലങ്ങൾ കേന്ദ്രീകരിച്ചും വിദ്യാർത്ഥികൾ, അധ്യാപകർ, ജനപ്രതിനിധികൾ, പൊതുജനങ്ങൾ, ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് ലഹരിവിരുദ്ധ ശൃംഖല തീർത്ത് സമാപിച്ചു. ശൃംഖലയിൽ പങ്കെടുത്തവർ ലഹരിക്കെതിരെ പ്രവർത്തിക്കുമെന്ന് പ്രതിജ്ഞ എടുക്കുകയും, പ്രതീകാത്മകമായി ലഹരിവസ്തുക്കൾ കത്തിക്കുകയും ചെയ്തു. ഒന്നാം ഘട്ട

| | | | |
|---|---|---|---|
| | | | ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ജനകീയ പങ്കാളിത്തത്തെ തുടർന്ന് മയക്കുമരുന്ന് വ്യാപനം തടയുന്നതിനുള്ള രണ്ടാം ഘട്ട ലഹരി വിരുദ്ധ പ്രചാരണ പ്രവർത്തനം നവംബർ 14 മുതൽ 2023 ജനുവരി 26 വരെ കൂടുതൽ ഊർജ്ജിതമാക്കി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ